"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ല – എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. പി.എസ്. അബ്ദുൾ റസാക്കിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2472/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 31/12/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 14.12.2016-ലെ ഡി7-30500/2016 കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 31.01.2018-ലെ ഡി7-30500/2016 നമ്പർ നടപടിക്രമങ്ങൾ

3 പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018-ലെ ഡി7-30500/2016 നമ്പർ നടപടിക്രമങ്ങൾ

4 പഞ്ചായത്ത് ഡയറക്ടറുടെ 13.03.2019-ലെ PAN/2096/2019-D7(DP) നമ്പർ കത്ത്

5 സർക്കാരിന്റെ 31.10.2019-ലെ ഇപിബി3/281/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6 ശ്രീ.പി.എസ്. അബ്ദുൾ റസാഖ് 4.5.2020 ൽ സമർപ്പിച്ച പ്രതിവാദ പത്രിക.

## ഉത്തരവ്

ശ്രീ. പി.എസ്. അബ്ദുൾ റസാക്ക് തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരവേ 03.10.2011 മുതൽ 30.01.2012 വരെ 120 ദിവസത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 30.01.2012-ന് ശേഷം അനധികൃതമായി ജോലിക്ക് ഹാജരായിട്ടില്ലെന്നും തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗുരുതരമായ ഔദ്യോഗിക കൃത്യവിലോപത്തിനും അച്ചടക്ക ലംഘനത്തിനും ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. പി.എസ്. അബ്ദുൾ റസാക്ക് സമർപ്പിച്ച മറുപടിയിൽ, 29.03.2011-ൽ സമർപ്പിച്ച ദീർഘകാല അവധി അപേക്ഷയിന്മേൽ അനുകൂല തീർപ്പ് ഉണ്ടായിക്കിട്ടും എന്ന് കരുതിയാണ് അവധിയിൽ തുടർന്നതെന്നും മന:പൂർവ്വം അച്ചടക്കലംഘനം നടത്തിയിട്ടില്ലെന്ന് ബോധിപ്പിച്ചിരുന്നുവെന്നും പ്രസ്തുത എതിർവാദ പത്രിക പരിശോധിച്ച തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് സെക്രട്ടറി അനുവദിച്ചു നൽകിയ അവധിയുടെ സമയം കഴിഞ്ഞ് ടിയാൻ ജോലിയിൽ പ്രവേശിക്കുകയോ, അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ ചെയ്തിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ഈ വിഷയത്തിന്മേൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് ഡയറക്ടറെ പരാമർ ശം (2) പ്രകാരം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ റിപ്പോർട്ടിൽ ടിയാൻ പ്രതിവാദ പത്രികയിൽ സമർപ്പിച്ച വാദങ്ങൾക്കുപരിയായി യാതൊന്നും സമർപ്പിച്ചിട്ടില്ലായെന്നും നിയമപരമായി അവധി അനുവദിച്ച് ഉത്തരവാകാതെ അവധിയിൽ പ്രവേശിച്ചുവെന്ന ആരോപണം ടിയാൻ അംഗീകരിച്ചതായി കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് നിയമപരമായി അവധി അനുവദിച്ച് ഉത്തരവാകാതെ അവധിയിൽ പ്രവേശിച്ച് ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.എസ്. അബ്ദുൾ റസാക്കിന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ ഒരു വർഷത്തേയ്ക്ക് തടയുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പഞ്ചായത്ത് ഡയറക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

എന്നാൽ ശ്രീ. പി.എസ്. അബ്ദുൾ റസാക്കിനെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 31.05.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ പഞ്ചായത്ത് ഡയറക്ടർ കെ.സി.എസ്. (സി.സി.&എ) ചട്ടങ്ങൾ പ്രകാരം തുടർന്നു വന്ന അച്ചടക്ക നടപടി പരാമർശം (3) നടപടിക്രമങ്ങൾ പ്രകാരം അവസാനിപ്പിച്ച് കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരമുള്ള നടപടി തുടരുന്നതിനായി സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി.

ശൂന്യവേതനാവധിക്ക് 03.10.2011 മുതൽ 29.01.2012 വരെ 120 ദിവസത്തേക്ക് അപേക്ഷ നൽകുകയും ആയതു പ്രകാരം എരുമപ്പെട്ടി പഞ്ചായത്ത് സെക്രട്ടറി 120 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുകയും പ്രസ്തുത വിവരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും തുടർന്ന് ശ്രീ. പി.എസ്. അബ്ദുൾ റസാക്ക് 5 വർഷ കാലയളവിലേക്ക് "ഫോറിൻ എംപ്ലോയ്മെന്റ്" എന്ന് കാണിച്ചു സർക്കാരിലേക്ക് നൽകിയ ശൂന്യവേതനാവധി അപേക്ഷയിൽ യാതൊരു തീർപ്പും കല്പിച്ചു ഉത്തരവ് ആകാതിരുന്നിട്ടും 30.01.2012 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും ഈ അവസ്ഥ നിലനിൽക്കെ ടിയാൻ 01.10.2013-ൽ സർവീസിൽ തിരികെ പ്രവേശിക്കുന്നതിന് അപേക്ഷ നൽകുകയും തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ 10.11.2013-ലെ ഉത്തരവ് പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിൽ 20.11.2013-ന് ജോലിയിൽ പ്രവേശിച്ചതായും കാണുന്നുവെന്നും 30.01.2012 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്ന കുറ്റാരോപിതനെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമപരമായി അവധി അനുവദിച്ച് ഉത്തരവാകാതെ അവധിയിൽ പ്രവേശിച്ചതു വഴി ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയിട്ടുണ്ട് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (6) പ്രകാരം ശ്രീ. പി.എസ്. അബ്ദുൾ റസാക്ക് പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എസ്. അബ്ദുൾ റസാക്കിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. അബ്ദുൾ റസാക്കിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. പി.എസ്. അബ്ദുൾ റസാക്കിനെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

   (പരാമർശം (1) മുതൽ (5) വരെയുള്ള പകർപ്പുകൾ സഹിതം)

2. ശ്രീ. പി.എസ്. അബ്ദുൾ റസാക്ക്, മുൻ ഹെഡ് ക്ലാർക്ക്. എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, മലപ്പുറം

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/281/2018/തസ്വഭവ)

Signature valid
Digitally signed by SUDHEER S S
Date: 2021.01.01 16:20:09 IST
Reason: Approved

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ